കെ5- 429151/2022

കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ
കുടപ്പനക്കുന്ന്, തിരുവനന്തപുരം-43
തീയതി : 03.05.2024

## തിരുവനന്തപുരം ജില്ലയിൽ പൊഴിയൂർ മുതൽ കോവളം (റീച്ച് 1) വരെ തീരദേശ പാതയുടെ വികസനവുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ ഗ്രൂപ്പിന്റെ വിലയിരുത്തൽ റിപ്പോർട്ട്

അംഗങ്ങൾ

1. പ്രൊഫ. താരാഭായി, നോൺ ഒഫിഷ്യൽ സോഷ്യൽ സയന്റിസ്റ്റ്
2. ഡോ.പി.പ്രതാപൻ, നോൺ ഒഫിഷ്യൽ സോഷ്യൽ സയന്റിസ്റ്റ്
3. ശ്രീമതി.ഷീജ.എസ്, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി യൂണിറ്റ്-1
4. ശ്രീ.ബിനു.യു., ടെക്നിക്കൽ എക്സ്പേർട്ട്, കെ.ആർ.എഫ്.ബി
5. ശ്രീമതി.ആശ.ബി, മെമ്പർ കോട്ടുകാൽ ഗ്രാമപഞ്ചായത്ത്
6. ശ്രീ.ശരത് കുമാർ.കെ, മെമ്പർ, പൂവാർ ഗ്രാമപഞ്ചായത്ത്

## സാമൂഹികാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ധ സംഘത്തിന്റെ വിലയിരുത്തലും ശുപാർശകളും

രാജ്യത്തിന്റെ വികസനത്തിൽ അടിസ്ഥാന സൗകര്യ വികസനമാണ് പ്രാഥമികമായി മുന്നോട്ട് നിൽക്കുന്നത്. പ്രസ്തുത പദ്ധതി പൊഴിയൂർ മുതൽ കോവളം വരെയുള്ള റീച്ച് 1 തീരദേശ പാതയുടെ വികസനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി കൊണ്ട് തീരദേശത്തിന്റെ മുഖച്ഛായ തന്നെ മാറുന്ന വികസനമായതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ ബന്ധപ്പെട്ട നിയമത്തിലെ സെക്ഷൻ 2 (1) (ഇ) യുടെ പരിധിയിൽപ്പെടുന്ന തരത്തിലുള്ള ഒരു പൊതു ആവശ്യമായി തന്നെ കാണേണ്ടി വരുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പൊഴിയൂരിൽ നിന്ന് കോവളം വരെയുള്ള തീരദേശ പാതയുടെ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കലാണ് നിർദ്ദിഷ്ട പദ്ധതി. ഇത് നെയ്യാറ്റിൻകര താലൂക്കിലെ കുളത്തൂർ, പൂവാർ, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം, വെങ്ങാനൂർ എന്നീ ആറ് വില്ലേജുകളിൽ വ്യാപിച്ച് കിടക്കുന്ന റോഡാണ്. നിലവിലുള്ള റോഡിന്റെ ഇരു വശങ്ങളിലുമുള്ള ഭൂവിഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് 14 മീറ്റർ വീതിയുള്ള റോഡ് വികസനം യാഥാർത്ഥ്യമാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

കേരള ഗസറ്റ് (അസാധാരണം) വാല്യം 12 നമ്പർ 3118 പ്രകാരം ജി.ഒ.(പി) നം.232/2023/ആർ.ഡി തീയതി 21.09.2023 പ്രസിദ്ധപ്പെടുത്തിയത് അനുസരിച്ച് പൊഴിയൂർ-കോവളം (റീച്ച്-1) തീരദേശപാത വിവിധ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട പ്രദേശം സാമൂഹ്യാഘാത പഠനം നടത്താൻ Centre for land and social studies, തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയതായി കാണുന്നു.

നെയ്യാറ്റിൻകര താലൂക്കിലെ വിവിധ വില്ലേജുകളുടെ പരിധിയിൽ നിന്നായി 11.47 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത് (മേൽപ്പറഞ്ഞിട്ടുള്ള ഗസറ്റ് വിജ്ഞാപനം കാണുക) 14 മീറ്റർ വീതിയിൽ റോഡു വികസനം വരുമ്പോൾ ഗതാഗത സൗകര്യം കൂടുമെന്ന് മാത്രമല്ല തീരദേശ പാതയാൽ ഉണ്ടാകുന്ന വിനോദയാത്രയും വിനോദസഞ്ചാരികളുടെ എണ്ണം കൂടുമെന്നും പദ്ധതി തെളിയിക്കും.

നെയ്യാറ്റിൻകര താലൂക്കിലെ വിവിധ വില്ലേജുകളിലെ പരിധിയിൽ നിന്നായി 11.47 ഹെക്ടർ ഭൂമി ഈ പദ്ധതിയ്ക്കായി ഏറ്റെടുക്കുമ്പോൾ ഏകദേശം 978

വ്യക്തികളുടെ/കുടുംബങ്ങളുടെ കൈവശ ഭൂമിയാണ് പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കേണ്ടി വരുന്നത്. നിലവിലുള്ള റോഡും 14 മീറ്റർ വീതിയാകുമ്പോൾ ഇരു വശത്തു നിന്നും 2 മുതൽ 4 മീറ്റർ വരെ ഭൂമിയേറ്റെടുക്കേണ്ടതായി വരുന്നു. Busbay യും വളവുകൾ നിവർത്തുന്നതിനും നടപ്പാതയും മറ്റും ഇത് അത്യാവശ്യമാണ്. 978 വ്യക്തികളെ നേരിട്ട് ബാധിക്കുന്നതിൽ 58 ഭൂമികളിൽ ചമയങ്ങളൊന്നും തന്നെ ഇല്ല. 41 പാർപ്പിട കെട്ടിടങ്ങളും 62 കച്ചവട സ്ഥാപനങ്ങളോ സ്വയം തൊഴിൽ സംരംഭങ്ങളോ സ്ഥാനഭ്രംശം വരുന്നതായുള്ള പഠന സംഘത്തിന്റെ കണ്ടെത്തലിനോട് വിദഗ്ധ സമിതി യോജിക്കുന്നു.

കേരള-തമിഴ്നാട് അതിർത്തിയിൽ നിന്ന് ആരംഭിക്കുന്ന ഈ പദ്ധതി കോവളം ജംഗ്ഷനിൽ അവസാനിക്കുന്നു. ആരംഭ പ്രദേശത്ത് മിക്ക സ്ഥലങ്ങളും നിലവിലുള്ള റോഡ് കടലുമായി യോജിച്ചു കിടക്കുന്നതായി കാണപ്പെട്ടു. അവിടെ മിക്ക സ്ഥലങ്ങളിലും കല്ലുകൾ കാണാതായതായും കാണുന്നു. പൊഴിയൂർ റോഡിൽ ഇപ്പോൾ കാണുന്ന ചമയങ്ങൾ നിലവിലെ റോഡിന്റെ അരികിലും കടലിന് സമീപവും ആയിട്ടിരിക്കുന്നതിനാൽ ഇവിടെയുള്ള എല്ലാപേരേയും തന്നെ കുടിയൊഴിപ്പിക്കേണ്ട സന്ദർഭം വരുന്നു. പൂവാർ എത്തുമ്പോൾ ഭൂമി അധികമായി കാണുന്നു. ഈ പ്രദേശത്ത് വരുന്ന റോഡ് കൂടുതലും പുറമ്പോക്ക് ഭൂമയിലൂടെ കടന്നു പോകുന്നു. ഇതിനു ശേഷമുള്ള പ്രധാന സ്ഥലം അമ്പലത്തിൻ മൂലയാണ്. Transformer No.KKA1 and KKA2 അമ്പലത്തിൻമൂല, മോസ്ക് എന്നിവയുടെ സമീപം പുറമ്പോക്ക് ഭൂമിയിൽ കൂടി കരിച്ചൽ കായൽ മുറിച്ച് കടക്കുന്ന ഒരു സന്ദർഭം വരുന്നു. ഇവിടെ രണ്ട് സർവ്വീസ് റോഡുകളോടു കൂടിയ പാലം വരുന്നു എന്നുള്ള കാര്യം എടുത്തു പറയേണ്ടതാണ്. അതിനു ശേഷം തീരപ്രദേശത്തു കൂടി പോകുന്ന റോഡ് ചൊവ്വര ക്ഷേത്രം റോഡു വഴി പോകുന്നു. അടുത്തത് ശ്രീനാഗർ ഭഗവതി ക്ഷേത്രത്തിന് സമീപം L330 – R290 എന്ന ഭാഗത്ത് റോഡിന് വലിയ ഒരു curve ഉള്ളതായി കാണുന്നു. പ്രദേശവാസികൾ ഈ വളവ് നിവർക്കുന്നത് അത്യാവശ്യമാണെന്ന് പറയുകയും പഠന സംഘം അത് അനുകൂലിക്കുകയും വിദഗ്ധ സമിതി അതിനോട് യോജിക്കുകയും ചെയ്യുന്നു. അവസാന പോയിന്റിൽ വരുമ്പോൾ കോവളം ജംഗ്ഷനിലെ സർവ്വീസ് റോഡിൽ വന്നു ചേരുന്നു. L616 – R431 ൽ വന്നു കല്ലുകൾ തീരുന്നു.

ഈ പദ്ധതിയ്ക്ക് നിലവിലുള്ള തീരദേശ റോഡിനെ 14 മീറ്റർ വീതിയിലേയ്ക്ക് വികസിപ്പിക്കുന്നതിനായി നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ ആവശ്യമായി വരുന്നതെന്നും ഇരുവശത്തുമുള്ള ഭൂവിഭാഗങ്ങൾ ഏറ്റെടുത്തു കൊണ്ടാണ് റോഡ് വികസനം യാഥാർത്ഥ്യമാക്കുന്നതെന്നും മനസ്സിലാക്കുന്നു. അത് കൊണ്ട് തന്നെ റോഡ് വികസനത്തിൽ ഇതര മാർഗ്ഗങ്ങളുടെ പരിശോധനയ്ക്ക് വലിയ പ്രസക്തി ഉള്ളതായി കാണുന്നില്ല എന്ന പഠന സംഘത്തിന്റെ വിലയിരുത്തലിനോട് വിദഗ്ധ സമിതി യോജിക്കുന്നു.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന തീരദേശ പാതയുടെ വികസനത്തിന്റെ ഭാഗമായിട്ടാണ് പൊഴിയൂർ മുതൽ കോവളം വരെയുള്ള തീരദേശ റോഡിനെ വീതി കൂട്ടുന്നത്. റോഡ് വികസനം പരിസരവാസികൾക്കും മറ്റ് ജനവിഭാഗങ്ങളൾക്കും പ്രയോജനം ലഭിക്കുന്നു എന്ന് മാത്രമല്ല, 14 മീറ്റർ റോഡ് വരുമ്പോൾ സൈക്കിൾ ട്രാക്ക്, പ്രത്യേക നടപ്പാത, ഡ്രെയിനേജ് സൗകര്യം എന്നിവയും സൗകര്യം ഒരുക്കുന്നു. പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കാൻ ശുപാർശ ചെയ്തിരിക്കുന്ന ഭൂമി പൊതു ആവശ്യം നിറവേറ്റാൻ വേണ്ട ചുരുങ്ങിയ അളവിലാണെന്നതും ശ്രദ്ധേയമാണ്.

ആയതിനാൽ വിജ്ഞാപന പ്രകാരമുള്ള 11.47 ഹെക്ടർ ഭൂമി 19 കി.മീ. ദൈർഘ്യം വരുന്ന റോഡിന്റെ വികസനത്തിനായി വിട്ട് കൊടുക്കാമെന്ന് ശുപാർശ ചെയ്യുന്നു.

എന്നാൽ താഴെ പറയുന്ന കാര്യങ്ങൾ അർത്ഥനാധികാരിയുടെയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തണമെന്ന് വിദഗ്ധ സമിതി അഭിപ്രായപ്പെടുന്നു.

1) ജനവാസം കൂടിയ സ്ഥലമായതിനാലും മിക്ക കുടുംബങ്ങളിലെ അംഗങ്ങളും വളരെ കുറച്ച് വിദ്യാഭ്യാസ യോഗ്യത ഉള്ളവരായതിനാലും തീരദേശ പാതയുടെ ഉപയോഗം മുഴുവനായി ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. നല്ല ബോധവൽക്കരണം ആവശ്യമാണ്.
2) പൊഴിയൂർ പ്രദേശത്ത് കടലിനോട് ചേർന്നാണ് കല്ലുകൾ ഇട്ടിരുന്നത്. മിക്ക കല്ലുകളും മണ്ഡപങ്ങൾക്കൊപ്പം കടലിൽ ആയി കഴിഞ്ഞു. ഏകദേശം 300 മീറ്റർ കടൽ കരയിലേയ്ക്ക് കയറി.
3) ഇതിൽ ചിലരുടെയെങ്കിലും ഭൂമി വിഴിഞ്ഞം പദ്ധതി മൂലം നഷ്ടപ്പെട്ടിട്ടുണ്ട്. അവർക്ക് വീണ്ടും ഭൂമി നഷ്ടപ്പെടുന്നത് മാനസികമായി അവരെ ബാധിക്കാൻ ഇടയുണ്ട്. അവരെ കണ്ടെത്തി പ്രത്യേക ബോധവൽക്കരണം നടത്തേണ്ടതുണ്ട്.
4) നഷ്ടപരിഹാര വിതരണം സുതാര്യമായും, സമയബന്ധിതമായും പൂർത്തിയാക്കുക
5) കുടിയൊഴിപ്പിക്കുന്നവരുടെ പുനരധിവാസ പദ്ധതി, ഭൂമി ഏറ്റെടുക്കലിനോടൊപ്പം തന്നെ പൂർത്തിയാക്കുക.
6) ഭാഗീകമായി പൊളിക്കേണ്ടി വരുന്ന കെട്ടിടങ്ങളെ സംബന്ധിച്ച് അവശേഷിക്കുന്ന ഭാഗം ഉപയോഗപ്രദമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകളിൽ ഇളവ് ചെയ്യണമെന്ന് അഭിപ്രായപ്പെടുന്നു.
7) ഭൂമി ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും മൂലം ആരുടെയും സഞ്ചാര സ്വാതന്ത്ര്യത്തിന് തടസ്സം വരുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

ഒപ്പ്/-
ചെയർപേഴ്സൺ
പ്രൊഫ. താരാഭായി

1. ഡോ.പി.പ്രതാപൻ, നോൺ ഒഫിഷ്യൽ സോഷ്യൽ സയന്റിസ്റ്റ്
2. ശ്രീമതി.ഷീജ.എസ്, സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി യൂണിറ്റ്-1
3. ശ്രീമതി.ആശ.ബി, മെമ്പർ കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

**പൊഴിയൂർ-കോവളം റീച്ച്-1 - തീരദേശപാത വികസനം**

1. 12.03.2024 ൽ കൂടിയ വിദഗ്ധ സമിതിയോഗ നടപടിക്കുറിപ്പ്:-

യോഗം രാവിലെ 10.30 ന് ആരംഭിച്ചു. പദ്ധതിയുമായി ബന്ധപ്പെട്ട് Centre for Land and Social Studies, തിരുവനന്തപുരം എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ച സാമൂഹികാഘാത പഠന റിപ്പോർട്ടിന്റെ പ്രാഥമിക പരിശോധന നടത്തി. നെയ്യാറ്റിൻകര താലൂക്കിലെ കുളത്തൂർ, പൂവാർ, കരിങ്കുളം, കോട്ടുകാൽ, വിഴിഞ്ഞം, വെങ്ങാനൂർ എന്നീ ആറ് വില്ലേജുകളിൽ വ്യാപിച്ചു കിടക്കുന്ന വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട ഭൂമിയാണ് ഏറ്റെടുക്കുന്നത്.

2013 ലെ RFCTLARR നിയമം 2015 ലെ ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള എല്ലാ വസ്തുതകളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി പ്രദേശം സന്ദർശിക്കാമെന്ന് തീരുമാനിച്ച് യോഗം 12.30 ന് പിരിഞ്ഞു.

2. 16.04.2024 ന് നടത്തിയ സ്ഥലപരിശോധന കുറിപ്പ്:-

വിദഗ്ധ സമിതി അംഗങ്ങൾ കൃത്യം 10.30 ന് കോവളം ജംഗ്ഷനിൽ എത്തി കോവളം-പൊഴിയൂർ റോഡിൽ നിന്നും തീരദേശം റോഡു വഴി പോയി എല്ലാ hotspots സന്ദർശിച്ച് പ്രദേശം നന്നായി മനസ്സിലാക്കി.

ഉച്ചയ്ക്ക് 2.30 ന് സ്ഥലപരിശോധന പൂർത്തിയാക്കി. സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ പഠന റിപ്പോർട്ട് വിശദമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനിച്ചു.

3. 03.05.2024 ന് കൂടിയ വിദഗ്ധ സമിതിയോഗ നടപടിക്കുറിപ്പ്:-

യോഗം രാവിലെ 11.30 ന് ആരംഭിച്ചു. മുൻയോഗ തീരുമാന പ്രകാരം തയ്യാറാക്കിയ റിപ്പോർട്ട് യോഗത്തിൽ വായിച്ചു.

വിശദമായ പരിശോധനയ്ക്ക് ശേഷം റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി അംഗീകരിച്ച വിലയിരുത്തൽ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിന് ചെയർ പേഴ്സനെ ചുമതലപ്പെടുത്തി യോഗം 12.30 ന് അവസാനിച്ചു.

**GOVERNMENT OF KERALA**

**Abstract**

Revenue Department - Acquisition of land in Kulathoor, Poovar, Karamkulam, Kotukkal, Vizhinjam and Venganoor Villages for the development of Coastal Highway from Pozhiyoor to Kovalam (Reach 1) - Sanction Accorded - Modified - Orders Issued

**REVENUE (B) DEPARTMENT**

G.O.(Rt)No.3396/2023/RD Dated,Thiruvananthapuram, 21-09-2023

Read 1 G.O (Rt) No.1184/2022/RD dated 19.03.2022

2 Letter No. K5-574151/23 dated 19.09.2023 from the District Collector. Thiruvananthapuram

**ORDER**

In partial modification of Government Order read above sanction is accorded for the acquisition of 11.47 Hectares of land in Kulathoor, Poovar, Karamkulam, Kotukkal Vizhinjam and Venganoor Villages for the development of Coastal Highway from Pozhiyoor to Kovalam (Reach 1) as detailed below:

| Village | Taluk | Survey No. | Extent (in Hectares) |
|---|---|---|---|
| Kulathoor | | Block 46<br><br>343, 366, 342, 365, 334, 364, 333, 363, 326. 362, 325, 315, 361, 360, 314, 359, 313, 312, 311, 340, 341, 367, 368, 369, 370, 371, 372, 357, 355, 356, 351, 350, 346, 344, 345, 347, 349, 352, 354 | |
| Poovar | | Block: 19<br><br>377, 374, 373, 372, 370, 379, 371, 380, 364, 363, 343, 344, 345, 381, 342, 339, 382, 338, 383, 331, 330, 385, 329, 327, 384, 386, 326, 387 | |
| Karamkulam | | Block: 18<br><br>274, 268, 264, 259, 300, 299, 298, | |

| | | | | |
|---|---|---|---|---|
| | Neyyattinkara | 297, 296, 295, 294, 293, 292, 291, 290, 289, 288, 287, 286, 285, 284, 283, 282, 281, 280, 279, 278, 277, 276,275 | | |
| Kottukal | | Block: 16<br><br>421, 422, 423, 424, 425, 415, 413, 412, 411, 394, 393, 392, 383, 382, 380, 373, 374, 366, 367, 345, 344, 341, 340, 325, 324, 323, 319, 368, 369, 370, 405, 406, 410, 395, 390, 391, 384, 371, 372, 315, 316, 318, 320, 322, 326, 339 | | |
| Vizhinjam | | Block 14<br><br>695, 694, 699, 700, 702, 705, 709, 772, 708, 707, 689, 688, 687, 647, 644, 648, 641 640, 638, 637, 634, 628, 629, 619, 620, 621, 622, 615. 616. 617, 618. 613, 614, 612, 434, 433, 342, 343, 190, 186, 191 192, 193, 197, 170, 168, 169, 141, 167, 140, 137, 142, 166, 135, 134, 133, 131, 128, 125, 127, 132, 136, 138, 139, 199, 198, 215, 216, 217, 218, 219, 220, 221, 227, 228, 338, 339, 340, 341, 623. 624, 625, 626, 627, 635, 636, 642, 643, 645, 646, 713, 712, 711, 710, 704, 703, 698, 697, 770, 766, 765, 764, 752, 754, 751, 750, 717, 716, 715, 714, 723, 724, 728, 729, 299, 300, 301, 302. 306, 308, 309, 310, 313, 311, 312, 336, 337, 231, 230, 232, 229, 226, 223, 224, 239, 222, 240, 211, 212, 213, 214, 209, 207, 201, 200, 80, 81, 82, 83, 116, 118, 121, 122, 123, 126, 124, 107, 696, 639, 194, 208, 196, 199, 198, 86, 106 | 11.47 Hectares | |

| | | | | |
|---|---|---|---|---|
| Venganoor | | Block: 30<br><br>527, 354, 353, 352, 360, 351, 336, 337, 338, 340, 342, 343, 282, 287, 288, 289, 290, 291, 292, 341, 339, 335, 334, 333, 332, 331, 330, 329, 327, 328, 326, 325, 297, 296, 295, 293, 314 | |
| Total | | | 11.47 Hectares |

2. The Government Order read above stands modified to the above extent.

(By order of the Governor)
BINU VARGHESE
UNDER SECRETARY